(ഡി) വകുപ്പുതലത്തിൽ പ്രസ്തുത മാനേജർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

'സാഹിത്യകലാവിനോദസഞ്ചാരപദ്ധതി'

137 (3066) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ കലാസാഹിത്യ സംസ്കൃതി വിദേശികൾക്ക് ഉൾക്കൊള്ളാനും വിദേശികളിൽ താൽപ്പര്യമുണർത്താനും ഉതകുന്ന ഒരു സാഹിത്യ കലാ വിനോദസഞ്ചാര പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എല്ലാംതന്നെ നമ്മുടെ കലയും സാഹിത്യവും സംസ്ക്കാരവും പ്രതിഫലിപ്പിക്കുന്നവയാണ്. ഇതിനായി ഒരു പ്രത്യേക പദ്ധതിയുടെ ആവശ്യമുള്ളതായി കരുതുന്നില്ല.

ടൂറിസം വകുപ്പിന്റെ ജില്ലാ ആഫീസുകൾ

138 (3067) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് എത്ര ജില്ലാ ആഫീസുകളുണ്ട്. ഇവ ഓരോ ജില്ലയിലും ആരംഭിച്ച വർഷമേതാണ്; ഓരോ ആഫീസുകളിലും വിവിധ തസ്തികകളിലായി എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആഫീസുകളിലെ ഡെപ്യൂട്ടി ഡയറക്ടർക്ക് എന്തെല്ലാം അധികാരങ്ങളാണ് നൽകിയിട്ടുള്ളത്; ജില്ലാ ആഫീസുകൾ വിപുലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന് 11 ജില്ലാ ആഫീസുകളുണ്ട്. ഇവ 23.9.1996 ൽ പ്രവർത്തനം ആരംഭിച്ചു.

അനുവദിക്കപ്പെട്ട തസ്തിക

കാസർഗോഡ്	-	ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ	ഒന്ന്
കണ്ണൂർ	-	ഡെപ്യൂട്ടി ഡയറക്ടർ	ഒന്ന്
വയനാട്	-	ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ	ഒന്ന്
		ക്ലാർക്ക് - ടൈപ്പിസ്റ്റ്	ഒന്ന്
		പ്യൂൺ	ഒന്ന്
മലപ്പുറം	-	ഡെപ്യൂട്ടി ഡയറക്ടർ	ഒന്ന്
പാലക്കാട്	-	ഡെപ്യൂട്ടി ഡയറക്ടർ	ഒന്ന്
എറണാകുളം	-	ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ	ഒന്ന്
ഇടുക്കി	-	ക്ലാർക്ക്-ടൈപ്പിസ്റ്റ്	ഒന്ന്
		പ്യൂൺ	ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly